LIBRARY ARCHIVES Kerala Legislative Assembly

ചെറായി 110 കെ.വി. സബ് സ്റ്റേഷൻ

116 (483) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറായി 110 കെ.വി. സബ് സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട്, ഹൈക്കോടതി നിർദ്ദേശപ്രകാരം എറണാകുളം അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് നിയോഗിച്ച അഡ്വക്കേറ്റ് കമ്മീഷന് റിപ്പോർട്ട് ഹാജരാക്കുന്നതിന് സമയപരിധി നിശ്ചയിച്ചുനൽകിയിരുന്നുവോയെന്ന് വ്യക്തമാക്കാമോ ; എങ്കിൽ വിശദമാക്കാമോ ;

(ബി) പ്രസ്തുത അഡ്വക്കേറ്റ് കമ്മീഷൻ, റിപ്പോർട്ട് സമർപ്പിക്കൽ അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഉണ്ട്.

(സി) കേസിന്റെ നടത്തിപ്പിനായി ആവശ്യമായ എല്ലാ വിവരങ്ങളും അഡ്വക്കേറ്റ് കമ്മീഷന് യഥാസമയം കെ.എസ്.ഇ.ബി.എൽ.-ന്റെ ഭാഗത്തുനിന്നും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 23-7-2013-ലെ അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ ഉത്തരവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിനോട് 2 മാസത്തിനുള്ളിൽ original route-ന്റെയും proposed route-ന്റെയും വിശദമായ സർവ്വേയും താരതമ്യപഠനവും നടത്തി റിപ്പോർട്ട് സമർപ്പിക്കാനും അതിന്റെ പകർപ്പ് അഡ്വക്കേറ്റ് കമ്മീഷനും എതിർകക്ഷികളുടെ അഡ്വക്കേറ്റിനും സമർപ്പിക്കുവാനും നിർദ്ദേശിച്ചതനുസരിച്ച് എല്ലാ വിവരങ്ങളും കെ.എസ്.ഇ.ബി.എൽ. ലഭ്യമാക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ. അഡീഷണൽ ജില്ലാ മജിസ്ട്രേറ്റുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

കേന്ദ്ര ഗവൺമെന്റിന്റെ വൈദ്യുതി നിയമ ഭേദഗതി 2015

117 (484) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗവൺമെന്റിന്റെ വൈദ്യുതി നിയമ ഭേദഗതി 2015 ന്റെ വിപത്തുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിപത്തുകൾ തരണം ചെയ്യാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ ;